I/74349/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/2205/2022-E1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര, തിരുവനന്തപുരം
തീയതി : 04-01-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ കീഴ്കാര്യാലയ മേധാവികൾക്കും

സർ,

വിഷയം:- വനിതാ ശിശുവികസന വകുപ്പ് – ജീവനക്കാര്യം - പൊതുസ്ഥലം മാറ്റം 2022 – ജീവനക്കാരുടെ വിടുതൽ - നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്

സൂചന:-

വകുപ്പിലെ ജില്ലാ വനിതാ ശിശുവികസന ഓഫീസർ, വനിതാ പ്രൊട്ടക്ഷൻ ഓഫീസർ, ശിശുവികസന പദ്ധതി ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, ഹെഡ് അക്കൗണ്ടന്റ്, സീനിയർ ക്ലാർക്ക്/ ക്ലാർക്ക്, ക്ലാർക്ക്-ടൈപ്പിസ്റ്റ്, ടൈപ്പിസ്റ്റ്, ICDS സൂപ്പർവൈസർ, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-1, ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ്-3/CWI, കെയർടേക്കർ (മെയിൽ & ഫീമെയിൽ), ഡ്രൈവർ, ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ തസ്തികയിലെ ജീവനക്കാരുടെ 2022 ലെ പൊതുസ്ഥലംമാറ്റ നടപടിക്രമം പൂർത്തിയാക്കി ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2022 ലെ പൊതുസ്ഥലം മാറ്റ നടപടിക്രമങ്ങളുടെ ഭാഗമായി സ്ഥലംമാറ്റം ലഭിച്ച/ പുന : ക്രമീകരണം മുഖേന മാറ്റി നിയമിക്കപ്പെട്ട എല്ലാ ജീവനക്കാരെയും *(ട്രെനിംഗിന് നിയോഗിക്കപ്പെട്ട വരും അവധിയിൽ തുടരുന്നവരും ഒഴികെ)* നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയത്തിൽ നിന്നും ബന്ധപ്പെട്ട കാര്യാലയ മേധാവികൾ **05/01/2023 AN ന് മുമ്പായി** വിടുതൽ ചെയ്യേണ്ടതാണ്. പ്രസ്തുത നിർദ്ദേശം എല്ലാ കാര്യാലയ മേധാവികളും കർശനമായി നടപ്പാക്കുന്നുവെന്ന് ബന്ധപ്പെട്ട ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി